**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1060** **30-11-2018-ലെ മറുപടി**

**<u>അരൂർ മണ്ഡലത്തിൽ</u>**
**<u>ജലവിഭവ വകുപ്പിന്റെ പ്രവർത്തനങ്ങൾ</u>**

**ചോദ്യം** **മറുപടി**

| ശ്രീ. എ.എം. ആരിഫ് | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലവിഭവ വകുപ്പ് വഴി അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ)<br>&<br>(ബി)<br>. | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള ജല അതോറിറ്റി വഴി നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ **അനുബന്ധം 1** ആയും ജലസേചന വകുപ്പ് വഴി നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ **അനുബന്ധം 2** ആയും ചേർത്തിരിക്കുന്നു.<br>അരൂർ മണ്ഡലത്തിൽ കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി യുടെ ഭാഗമായ മഴകേന്ദ്രം വഴി നടപ്പിലാക്കുന്ന ജല സൗഹൃദ വിദ്യാലയം പദ്ധതിയുടെ ഭാഗമായി തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്തിലെ തേവരുവട്ടം ഗവൺമെന്റ് ഹൈസ്കൂളിൽ 10,000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണി നിർമ്മിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇവയുടെ പ്രവർത്തന പുരോഗതി എന്നിവ വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**

അനുബന്ധം-1

## കേരള ജലഅതോറിറ്റി

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരൂര് മണ്ഡലത്തിൽ ഭരണാനുമതി നൽകി നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ

I. ജില്ലാ പഞ്ചായത്തിന്റെയും വിവിധ പഞ്ചായത്തുകളുടെയും ഡിപ്പോസിറ്റ് പ്രവർത്തികൾ -4 എണ്ണം

1. ഡെപ്പോസിറ്റ് വർക്ക് 2017-18 ജില്ലാ പഞ്ചായത്ത് - എസ്.ഡി.പി - അരൂർ, എഴുപുന്ന, തുറവൂർ പഞ്ചായത്തുകളിൽ വിവിധ കോളനികളിലേക്കുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (തുക-32.80 ലക്ഷം) ടി പ്രവൃത്തി പുരോഗമിച്ചുവരുന്നു.
2. ഡെപ്പോസിറ്റ് വർക്ക് 2016-17 - എഴുപുന്ന പഞ്ചായത്ത് - എഴുപുന്ന പഞ്ചായത്തിലെ 15 അംഗനവാടികൾക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കൽ - (ഡെപ്പോസിറ്റ് തുക - 179410/-) ടി പ്രവൃത്തി പുരോഗമിച്ചുവരുന്നു.
3. ഡെപ്പോസിറ്റ് വർക്ക് 2016-17 - ജില്ലാ പഞ്ചായത്ത് - അരൂര് ഡിവിഷൻ - തുറവൂർ, അരൂർ എന്നീ പഞ്ചായത്തുകളിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (ഡെപ്പോസിറ്റ് തുക – 10,00,000/-) ടി പ്രവൃത്തി പുരോഗമിച്ചുവരുന്നു.
4. ഡെപ്പോസിറ്റ് വർക്ക് 2017-18 - അരൂര് പഞ്ചായത്ത് - അരൂര് പഞ്ചായത്തിലെ 8 അംഗനവാടികൾക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കൽ - (ഡെപ്പോസിറ്റ് തുക – 187000/-) ടി പ്രവൃത്തി പുരോഗമിച്ചുവരുന്നു.

II. എം.എൽ.എ എസ്.ഡി.എഫ് - 17-18 തുറവൂര് പഞ്ചായത്തിലെ 17-ാം വാർഡിൽ വാക്കയിൽ കടത്ത് പൊഴിക്ക് കുറുകെ എച്ച്.ഡി.പി.ഇ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി.

ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും തുറവൂര് പഞ്ചായത്തിലെ 17-ാം വാർഡിൽ വാക്കയിൽ കടത്ത് ഭാഗത്തുനിന്നും തോടിന് കുറുകെ പൈപ്പ് സ്ഥാപിച്ച് തോടിന്റെ മറുഭാഗം 15-ാം വാർഡുവരെ എത്തിച്ചിട്ടുള്ളതുമാണ്. എന്നാൽ 15-ാം വാർഡിൽ നിലവിലുള്ള പ്രധാന വിതരണ കുഴലുമായി പുതുതായി സ്ഥാപിച്ചിട്ടുള്ള പൈപ്പലൈൻ കൂട്ടിയോജിപ്പിക്കുന്ന പ്രവൃത്തികൾ പ്രദേശവാസികളുടെ എതിർപ്പുമൂലം പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. തുറവൂർ പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് വാർഡ് മെമ്പർ മുതലായ ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ പ്രദേശവാസികളുമായി ചർച്ച നടത്തിയെങ്കിലും പ്രസ്തുത പൈപ്പുകൾ കൂട്ടിയോജിപ്പിക്കുന്നതിന് പ്രദേശവാസികൾ അനുവദിച്ചിട്ടില്ല. ആയതിനാൽ മേൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിച്ചില്ല. എം.എൽ.എ.യുടെ പ്രത്യേക വികസന ഫണ്ടിൽ ഉൾപ്പെടുത്തി ക്രമീകരിച്ച പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട അരൂർ എം.എൽ.എ.യുടെ നിർദ്ദേശപ്രകാരം അദ്ദേഹത്തിന്റെ പ്രതിനിധി പ്രദേശവാസികളുമായി സമവായത്തിലെത്തുവാൻ ശ്രമം നടത്തിയെങ്കിലും വിജയിച്ചില്ല. തുടർന്ന് പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ സഹായം ലഭിക്കുന്നതിന് കുത്തിയതോട് പോലീസ് സ്റ്റേഷനിൽ പരാതി നൽകിയെങ്കിലും ഫലം ലഭിച്ചില്ല. എന്നിരുന്നാലും അവസാന ശ്രമം എന്ന നിലയ്ക്ക് 09-10-18-ാം തീയതി 17, 15 വാർഡ് മെമ്പർമാരുടെ സാന്നിദ്ധ്യത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള ശ്രമം നടത്തിയെങ്കിലും പ്രദേശവാസികളുടെ കടുത്ത എതിർപ്പുമൂലം പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കാതെ തിരിച്ച് പോരേണ്ടിവന്നു. പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ തീയതി അവസാനിച്ചിട്ടുള്ളതാണ്. ഈ വിവരങ്ങൾ ആലപ്പുഴ ജില്ലാ കളക്ടറെ 14-06-18-ൽ അറിയിച്ചിട്ടുള്ളതുപ്രകാരം പോലീസ് പ്രൊട്ടക്ഷനോടു കൂടി പണികൾ പൂർത്തിയാക്കാനായി 19-11-18-ൽ നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം-2

# ജലസേചന വകുപ്പ്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | തുക ലക്ഷത്തിൽ |
|---|---|---|
| 1 | അരൂർ നിയോജക മണ്ഡലത്തിൽ പാണാവള്ളി പഞ്ചായത്തിൽ പാണാവള്ളി ബോട്ട് സ്റ്റേഷന്റെ അധിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന പ്രവൃത്തി | 34.00 |
| 2 | അരൂർ നിയോജക മണ്ഡലത്തിൽ പെരുമ്പളം പഞ്ചായത്തിൽ ഇറപ്പുഴ ജെട്ടിയുടെ പുനരുദ്ധാരണം | 17.00 |
| 3 | അരൂർ നിയോജക മണ്ഡലത്തിൽ പെരുമ്പളം പഞ്ചായത്തിൽ പള്ളി ജെട്ടിയുടെയും സൗത്ത് ജെട്ടിയുടെയും പുനരുദ്ധാരണ പ്രവൃത്തികൾ | 20.00 |
| 4 | അരൂർ നിയോജക മണ്ഡലത്തിൽ പെരുമ്പളം പഞ്ചായത്തിൽ പെരുംചിറകരി ജെട്ടിയുടെയും കാളത്തോട് ജെട്ടിയുടെയും പുനരുദ്ധാരണ പ്രവൃത്തികൾ | 25.00 |
| 5 | അരൂർ നിയോജക മണ്ഡലത്തിൽ പെരുമ്പളം പഞ്ചായത്തിൽ ഇട്ടുങ്കൽ ജെട്ടിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ | 16.50 |
| 6 | അരൂർ നിയോജക മണ്ഡലത്തിൽ പെരുമ്പളം പഞ്ചായത്തിൽ ന്യൂ സൗത്ത് ജെട്ടിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ | 16.00 |
| 7 | ആലപ്പുഴ ജില്ലയിൽ അരൂർ നിയോജക മണ്ഡലത്തിൽ പെരുമ്പളം, പാണാവള്ളി പഞ്ചായത്തുകളിലെ ബോട്ട ചാലുകളും ബോട്ട ജെട്ടികളും നവീകരിക്കൽ | 50.00 |
| 8 | MLA ADF അരൂർ നിയോജക മണ്ഡലത്തിൽ നിയുക്ത ഫയർ & റസ്ക്യൂ സ്റ്റേഷനു സമീപം ബോട്ട് ജെട്ടിയുടെ നിർമ്മാണം | 10.30 |
| 9 | MLA ADF അരൂർ നിയോജക മണ്ഡലത്തിൽ അരൂക്കുറ്റി പഞ്ചായത്തിൽ പാദുവാപുരം സെന്റ് ആന്റണീസ് പള്ളിക്കു സമീപം ബോട്ട് ജെട്ടിയുടെ നിർമ്മാണം | 12.40 |
| 10 | അരൂർ നിയോജക മണ്ഡലത്തിൽ പെരുമ്പളം പഞ്ചായത്തിൽ മാർക്കറ്റ് ജെട്ടിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ | 20.00 |
| 11 | അരൂർ നിയോജക മണ്ഡലത്തിൽ പെരുമ്പളം പഞ്ചായത്തിൽ മുക്കം. മുക്കണ്ണംചിറ ജെട്ടിയുടെ നവീകരണ പ്രവൃത്തികൾ | 24.00 |

അരൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികൾ

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | തുക ലക്ഷത്തിൽ |
|---|---|---|
| 1 | അരൂർ നിയോജക മണ്ഡലത്തിൽ പെരുമ്പളം പഞ്ചായത്തിൽ ഉപ്പുതുരുത്തും പെരുമ്പളവും തമ്മിൽ ബന്ധിപ്പിക്കുന്ന നടപ്പാതയുടെ നിർമ്മാണം 35% പൂർത്തിയായി | 21.00 |

സെക്ഷൻ ഓഫീസർ